**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3106** **11-03-2025 - ൽ മറുപടിയ്ക്ക്**

**കാരപൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തി സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തരൂർ മണ്ഡലത്തിലെ 2.45 കോടി രൂപയുടെ കാരപൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | കാരപ്പൊറ്റ - ചൂലിപ്പാടം റോഡ് പ്രവൃത്തിക്കായി 340 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി ശ്രീ. മുഹമ്മദ് അക്ബർ എന്ന കരാറുകാരനുമായി 9 മാസ പൂർത്തികരണ കാലാവധിയോടു കൂടി കരാർ ഉടമ്പടിയിലേർപ്പെടുകയും, സൈറ്റ് കൈമാറുകയും ചെയ്തു. കരാറുകാരൻ കലുങ്കുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ചില കോൺക്രീറ്റ് പ്രവൃത്തികൾ ബാക്കി നിൽക്കെ, JJM പദ്ധതിക്ക് കീഴിൽ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് അനുമതി നൽകുകയും ഉണ്ടായി. തുടർന്ന് അതേ കരാറുകാരന് തന്നെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 3 മാസത്തെ പൂർത്തീകരണ കാലാവധിയോട് കൂടി സൈറ്റ് കൈമാറി നൽകി. എന്നാൽ ഈ പ്രവൃത്തികളിൽ കാലതാമസം വരുത്തിയതിനാൽ പിഴയോട് കൂടി കാലാവധി നീട്ടി നൽകുകയും ഉണ്ടായി. ആവർത്തിച്ചുള്ള മുന്നറിയിപ്പ് നൽകിയിട്ടും പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരൻ തയ്യാറാകാത്തതിനാൽ risk and cost ൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്തു. തുടർന്ന് പ്രസ്തുത പ്രവൃത്തിക്കായി ബാലൻസ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ആയതിന് Rs.2,44,46,445.95/- രൂപയ്ക്ക് അംഗീകാരവും നൽകി . തുടർന്ന് ടെണ്ടർ നടപടികളിലൂടെ ശ്രീ. ഷെനീഫ് എന്ന കരാറുകാരൻ Rs. 2,06,96,536.25/- രൂപയ്ക്ക് ക്വാട്ട് ചെയ്ത് ഏറ്റെടുത്ത പ്രവൃത്തിയുടെ കോൺക്രീറ്റ് പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം കാലാവധി 26.03.2025 വരെയാണ്. എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ